# കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം

പി.ബി. നമ്പർ-112, ഓവർബ്രിഡ്ജ് ജംഗ്ഷൻ,തിരുവനന്തപുരം-1,ഫോൺ-0471-2460339,
വെബ്സൈറ്റ് - www.kscewb.kerala.gov.in
റീജിയണൽ ഓഫീസ് : 1) പി ബി നമ്പർ. 76, പി കെ കോംപ്ലക്സ്, അണ്ടർബ്രിഡ്ജിന് സമീപം, മുനീശ്വരൻ കോവിൽ റോഡ്, കണ്ണൂർ-1, ഫോൺ- 0497-2708370
2) പി ബി നമ്പർ. 106, തൃശൂർ ജില്ലാ സഹകരണ ബാങ്ക് (പഴയ കെട്ടിടം) കുറുപ്പം റോഡ്, തൃശൂർ- 1 ഫോൺ- 0487-2444266
3) പി ബി നമ്പർ. 2305, കണയന്നൂർ സഹകരണ കാർഷിക- ഗ്രാമവികസന ബാങ്ക് ബിൽഡിംഗ്, പാലാരിവട്ടം പി. ഒ, കൊച്ചിൻ-25, എറണാകുളം ഫോൺ- 0484-2535693.
4) പി. ബി. നമ്പർ 112, ഹെഡ് ഓഫീസ് ബിൽഡിംഗ്, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ഓവർബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം-1, ഫോൺ-0471-2460440

തീയതി : 17-05-14

## സർക്കുലർ നമ്പർ : 01/2014

വിഷയം: കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്-അംഗങ്ങളായ ജീവനക്കാരുടെ മക്കളിൽ ഉയർന്ന മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്കുള്ള ക്യാഷ് അവാർഡുകൾക്ക് അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്:-

സൂചന: 1) 22-10-92 ലെ ജി. ഒ (എം. എസ്) 88/92 (സഹകരണം) നമ്പർ സർക്കാർ ഉത്തരവ്
2) 8-01-2014 ലെ ജി. ഒ (എം. എസ്) 04/14 (സഹകരണം) നമ്പർ സർക്കാർ ഉത്തരവ്
3) ബോർഡ് ഭരണസമിതിയുടെ 12-02-2014 തീയതിയിലെ 6,7 നമ്പർ തീരുമാനങ്ങൾ

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായി കുടിശ്ശിക വരുത്താതെ വിഹിതം അടച്ചുവരുന്ന സ്ഥിരം ജീവനക്കാരുടെയും, കമ്മീഷൻ ഏജന്റുമാരുടെയും മക്കളിൽ SSLC, Plus-2, VHSE, HDC & BM, JDC എന്നീ പരീക്ഷകളിൽ ഉയർന്ന ഗ്രേഡ്/മാർക്ക് കരസ്ഥമാക്കിയവർക്ക് എല്ലാ വർഷവും ക്യാഷ് അവാർഡുകൾ നൽകുന്നതിന് സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ B. Tech, MBBS, BDS, B. Sc നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയവർക്കും, സെക്കന്ററി/ഹയർ സെക്കന്ററി സ്കൂൾ സംസ്ഥാനതല സ്കൂൾ യുവജനോത്സവത്തിൽ 'A' ഗ്രേഡ് ലഭിച്ചവർക്കും സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം ക്യാഷ് അവാർഡ് ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 2013-14 അദ്ധ്യയനവർഷം SSLC, Plus-2 (CBSE, ICSE, ISC സിലബസുകൾ ഉൾപ്പെടെ) VHSE, HDC&BM, JDC, B.Tech, MBBS, BDS, B.Sc നഴ്സിംഗ് എന്നീ പരീക്ഷകളിൽ ഉയർന്ന മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവരുടെയും, സെക്കന്ററി/ഹയർ സെക്കന്ററി സ്കൂൾ സംസ്ഥാനതല യുവജനോത്സവത്തിൽ 'A' ഗ്രേഡ് ലഭിച്ചവരുടെയും ക്യാഷ് അവാർഡിനായുള്ള അപേക്ഷകൾ ബോർഡിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിലേയ്ക്ക് 30-06-2014ന് മുമ്പായി അയച്ചുതരുവാൻ താങ്കളുടെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ അംഗസംഘങ്ങളെയും അറിയിക്കുവാൻ താത്പര്യപ്പെടുന്നു. SSLCയ്ക്ക് എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് ലഭിച്ചവരുടെയും Plus-2 വിന് 90% മാർക്ക് ലഭിച്ചവരുടെയും അപേക്ഷകൾ മാത്രമെ ക്യാഷ് അവാർഡിന് പരിഗണിക്കുകയുള്ളൂ. VHSE, HDC & BM, JDC പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടിയവർക്ക് സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കും B.Tech, MBBS, BDS, B.Sc നഴ്സിംഗ് എന്നീ വിഭാഗത്തിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചവർക്കുമാണ് ക്യാഷ് അവാർഡുകൾ നൽകുന്നത്. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ സെക്കന്ററി/ഹയർ സെക്കന്ററി സ്കൂൾതലത്തിൽ 'A' ഗ്രേഡ് ലഭിച്ചവരുടെ അപേക്ഷകൾ മാത്രമെ ക്യാഷ് അവാർഡിന് പരിഗണിക്കുകയുള്ളൂ. ഒന്നിലധികം ഇനങ്ങളിൽ 'A' ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഒരു ക്യാഷ് അവാർഡ് മാത്രമെ ലഭിക്കുകയുള്ളൂ.

ബോർഡിൽ അംഗങ്ങളായ സ്ഥിരം ജീവനക്കാരുടെയും, കമ്മീഷൻ ഏജന്റുമാരുടെയും മക്കൾക്ക് മേൽപറഞ്ഞ കോഴ്സുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ക്യാഷ് അവാർഡിനായി ചുവടെ പറയുന്ന രേഖകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

1. ജീവനക്കാരുടെ ഭരണനിയന്ത്രണ ചുമതലയുള്ള വകുപ്പ് തലവൻ/ജില്ല/താലൂക്ക് തലത്തിലുള്ള ഉദ്യോഗസ്ഥൻ മേലൊപ്പുവച്ച (Countersign) നിശ്ചിതമാതൃകയിലുള്ള അപേക്ഷ (അനക്സർ- IX )

2. വിദ്യാർത്ഥി പഠിച്ച സ്കൂളിലെ/സ്ഥാപനത്തിലെ ഹെഡ് മാസ്റ്റർ/ഹെഡ് മിസ്ട്രസ്സ്/പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ മാർക്ക്/ ഗ്രേഡ് സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ്.

3. ജീവനക്കാരനും, വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നതിനുള്ള രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (SSLC യുടെ പകർപ്പ്)

4. ജീവനക്കാരന്റെയും, സഹകരണ സ്ഥാപനത്തിന്റെയും ഫോൺ നമ്പറും (STD കോഡ് സഹിതം), ബോർഡിൽ നിന്നും അനുവദിച്ച കോഡ് നമ്പറും രേഖപ്പെടുത്തിയ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശകത്ത്.

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപേക്ഷകൾ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ കുറയാത്ത ഓഫീസറും ഇതര വകുപ്പുകളിലെ സഹകരണസംഘം ജീവനക്കാരുടെ അപേക്ഷകൾ അതാത് വകുപ്പിന്റെ താലൂക്ക്/ജില്ലാ തലത്തിൽ കുറയാത്ത ഓഫീസറുമാണ് മേലൊപ്പ് (Countersign) വയ്ക്കേണ്ടത്. ക്യാഷ് അവാർഡിനുള്ള അപേക്ഷയും അനുബന്ധരേഖകളും 30-06-2014 വൈകുന്നേരം 5 മണിക്ക് മുമ്പായി അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി- ട്രഷറർ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, പി ബി നമ്പർ -112, ഓവർബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം-1 എന്ന മേൽവിലാസത്തിൽ അയച്ചു തരേണ്ടതാണ്. ബോർഡിൽ അംഗങ്ങളല്ലാത്തവരുടെയും, 30-6-2014ന് ശേഷം ലഭിക്കുന്നവരുടെയും അപേക്ഷകൾ ക്യാഷ് അവാർഡിന് പരിഗണിക്കുകയില്ല.

അപേക്ഷാഫോറത്തിനും മറ്റ് വിശദവിവരങ്ങൾക്കും തിരുവനന്തപുരത്തെ ഹെഡ് ഓഫീസ്, ബോർഡിന്റെ മറ്റ് റീജിയണൽ ഓഫീസുകൾ എന്നിവിടങ്ങളിലും www.kscewb.kerala.gov.in എന്ന വെബ് സൈറ്റിലും ബന്ധപ്പെടാവുന്നതാണ്.

അഡീഷണൽ രജിസ്ട്രാർ / സെക്രട്ടറി- ട്രഷറർ

പകർപ്പുകൾ :

1. എല്ലാ സഹകരണ സംഘം ജോയിന്റ് / അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ കയർ വികസന പ്രോജക്ട് ഓഫീസർമാർക്കും
3. എല്ലാ ക്ഷീരവികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
4. എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും
5. എല്ലാ ഫിഷറീസ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
6. എല്ലാ മാധ്യമ/ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും

അറിവിലേയ്ക്കായി (ഉപരിപത്രം സഹിതം)

1) സഹകരണ സംഘം രജിസ്ട്രാർ
2) ഡയറക്ടർ, കയർ വികസന പ്രോജക്ട്
3) ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
4) ഡയറക്ടർ, ഇൻഡസ്ട്രീസ് & കോമേഴ്സ്
5) ഡയറക്ടർ, ഹാന്റ്ലൂം & ടെക്സ്റ്റയിൽസ്
6) ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്
7) സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്
8) റീജിയണൽ മാനേജർ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, റീജിയണൽ ഓഫീസ്- കണ്ണൂർ, തൃശൂർ, എറണാകുളം, തിരുവനന്തപുരം
9) ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ഉള്ളടക്കം - അപേക്ഷാഫാറത്തിന്റെ മാതൃക